(ബി) നിലവിൽ ഈ പദ്ധതിയുടെ ഭാഗമായി ആണ്ടികൊളമ്പ് കോളനിയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോളനി പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് 29-1-2015, 13-2-2015, 7-4-2015 എന്നീ തീയതികളിൽ നടന്നിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായുള്ള റോഡ് നിർമ്മാണം, സൈഡ് പ്രൊട്ടക്ഷൻ വാൾ (എസ്റ്റിമേറ്റ് നമ്പർ 9A, 5A) എന്നിവ ആരംഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഗുണഭോക്താക്കൾ വിട്ടുനൽകാത്തതിനാലും, മരങ്ങൾ മുറിച്ചു നീക്കി നൽകാത്തതിനാലും • 24-2-2015 മുതൽ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഉണ്ട്. ഒന്നാംഗഡു തുകയായ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഓട്ടോമൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് പ്രൊഫഷണൽ പരിശീലനം

318 (984) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗവികസന വകുപ്പ് വഴി പ്രസ്തുത വിഭാഗത്തിൽ ഓട്ടോ മൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് പ്രൊഫഷണൽ പരിശീലനം നൽകുന്നതിനുള്ള സാമ്പത്തിക സഹായമായി 2013-14-ലെ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ എത്ര തുക വീതം എത്ര പേർക്ക് നൽകുകയുണ്ടായി ;

(സി) 2014-15-ലെ ബഡ്ജറ്റ് വിഹിതവും ചെലവായ തുകയും എത്രയാണ് ;

(ഡി) നിലവിൽ ബഡ്ജറ്റ് വിഹിതമായി എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2,00,00,000 രൂപ.

(ബി) 1,00,960 രൂപ (പദ്ധതി നിർവ്വഹണത്തിന്റെ പ്രാഥമിക നടപടികൾക്കുവേണ്ടി) ചെലവാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ലാത്തതിനാൽ ശേഷിച്ച തുക ചെലവഴിച്ചിട്ടില്ല.

(സി) 1. ബഡ്ജറ്റ് വിഹിതം — 1,00,00,000 രൂപ

2. ചെലവായ തുക — 2,25,960 രൂപ

(ഡി) 1,00,00,000 രൂപ.

പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷൻ

319 (985) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റിലും, കോർപ്പറേഷന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി എത്ര തുക വീതം നീക്കിവച്ചിട്ടുണ്ടെന്നും അതിൽ എത്ര വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ ബഡ്ജറ്റിലും കോർപ്പറേഷന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി നീക്കിവച്ച തുകകളുടെയും ചെലവഴിച്ച തുകകളുടെയും വിവരം താഴെക്കൊടുക്കുന്നു :

വർഷം	ബഡ്ജറ്റിൽ നീക്കിവച്ച തുക (ലക്ഷത്തിൽ)	കോർപ്പറേഷന്റെ തനതു ഫണ്ട് കൂടി ചേർത്ത് ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	350.00	587.93
2012-13	450.00	917.26
2013-14	500.00	788.93
2014-15	600.00	290.22

LIBRARY ARCHIVES Kerala Legislative Assembly